## ഏലിയ സ്ലീവാക്കാലം ആറാം ഞായർ

**മത്താ 20:1-16**

### മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

**റവ.ഡോ. ജോസ് ഓലിയപ്പുറത്ത്**

മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒരു ഉപമയാണിത്. പലസ്തീനായിൽ നിലനിന്നിരുന്ന ഒരു കഥയുടെ ഭാഗമാകാമിത്. സ്വർഗരാജ്യത്തെക്കുറിച്ച് പറയുകയാണ് ഈ ഉപമയുടെ ലക്ഷ്യമെന്ന് പ്രാരംഭത്തിലേ സൂചിപ്പിക്കുന്നുണ്ട്. മുന്തിരിത്തോട്ടവും ജോലിക്കാരും വീട്ടുടമസ്ഥനുമാണ് ഇതിലെ പ്രധാന ഭാഗങ്ങൾ. വളരെ തന്മയത്തത്തോടെയും കൃത്യതയോടെയുമാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. കേൾക്കുന്ന സാധാരണക്കാരനിൽ ഉദ്വേഗം ജനിപ്പിക്കുന്ന വിധമാണ് വിവരണം. നമ്മുടെ നാട്ടിലെ സാധാരണ ശൈലികളുടെ കുറെ കാര്യങ്ങൾ ഈ വിവരണത്തിലും കാണാം. ജോലിയില്ലാതെ, ഒരു ജോലിക്കും പോകാൻ സാധിക്കാതെ നിൽക്കുന്ന ഇന്നത്തെ ചെറുപ്പക്കാരെ പോലെയുള്ള ഒരു കൂട്ടം ആളുകളെയാണ് ഈ ഉപമ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

വീട്ടുടമസ്ഥൻ പ്രാരംഭത്തിൽ തന്നെ ദിവസത്തിൽ ഒരു ദനാറ എന്ന ശമ്പള നിരക്കിൽ കുറെപ്പേരെ തന്റെ തോട്ടത്തിലേക്കു കൊണ്ടുപോകുന്നു. ഇപ്രകാരം തന്നെ മൂന്നാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും പ്രവർത്തിക്കുന്നു. ന്യായമായ വേതനം പറഞ്ഞുറപ്പിച്ചു വീട്ടുടമസ്ഥൻ തന്നെയാണ് തന്റെ ഹിതമനുസരിച്ച് ഓരോ ഗ്രൂപ്പിനെയും ജോലിക്കായി ക്ഷണിച്ചിരുന്നത്. ആദ്യം വന്നവൻ ഒടുവിൽ വന്നവൻ എന്നിങ്ങനെ ഭേദം പ്രകടിപ്പിച്ചിരുന്നില്ല.

വൈകുന്നേരമായപ്പോൾ അവസാനം വന്നവർ മുതൽ ആദ്യം വന്നവർ വരെയുള്ളവർക്ക് വേതനം നല്കി. പറഞ്ഞുറപ്പിച്ചതനുസരിച്ചാണ് ഓരോരുത്തർക്കും വേതനം നല്കിയത്. വീട്ടുടമസ്ഥൻ ആരോടും വ്യത്യസ്ഥത കാണിച്ചില്ല. എന്നാൽ ജോലിയിൽ പ്രവേശിച്ചവർ തങ്ങളിൽ തന്നെ വിവേചനം കാണിക്കാൻ തുടങ്ങി. വീട്ടുടമസ്ഥൻ എന്തോ അനീതി കാണിച്ചതുപോലെ അവരിൽ ചിലർക്കനുഭവപ്പെട്ടു. പറഞ്ഞുറപ്പിച്ച വേതനമായിരുന്നെങ്കിലും പതിനൊന്നാം മണിക്കൂറിൽ വന്നവർക്കും ഒന്നാം മണിക്കൂറിൽ വന്നവർക്കും ഒരേപോലെ വേതനം ലഭിച്ചപ്പോൾ ആദ്യം വന്നവരുടെ ഉള്ളുപിടഞ്ഞു. അസൂയയുടെ മനസ്സു പിടച്ചിൽ... അതു പിറുപിറുപ്പായി രൂപപ്പെട്ടു... വീട്ടുമസ്ഥനെ കുറ്റം വിധിച്ചു. അയാളുടെ നീതിപൂർവകമായ ഉദാരമനസ്സിനെ സങ്കുചിതമനസ്സായും നീതിയായ വാക്കുപാലിക്കലിനെ അനീതിയായും വ്യാഖ്യാനിച്ചു. ഇവിടെ വീട്ടുടമസ്ഥന്റെ വാക്കുകൾ ശ്രദ്ധേയമാണ്. എന്തിനാണ് എന്നോടു കോപിക്കുന്നത്, എല്ലാവരെയും കാരുണ്യത്തോടും സ്നേഹത്തോടും വീക്ഷിച്ചതാണോ ഞാൻ ചെയ്ത അപരാധം. എല്ലാറ്റിന്റെയും ഉടയവൻ ഞാനാണെന്നറിയുക; അതിനാൽ ഞാൻ നന്മ മാത്രമേ പ്രവർത്തിക്കൂ... തിന്മയൊന്നും ഞാൻ ചെയ്യുന്നില്ല. ഞാൻ നന്മ ചെയ്യുന്നതിൽ എന്തിനാണ് അസൂയപ്പെടുന്നത്?

ഇവിടെയാണ് വീട്ടുടമസ്ഥൻ ദൈവത്തിന്റെ സ്ഥാനക്കാരനാകുന്നത്. ഈ ഉപമയിലെ വീട്ടുടമസ്ഥൻ ദൈവം തന്നെയാണ്. തന്റെ അനന്ത കരുണയുടെയും വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും ഭാവമാണ് ഈ ഉപമയിൽ കാണുന്നത്. ദൈവം തന്റെ സ്വഭാവവും പ്രകൃതിയുമനുസരിച്ച് പ്രവർത്തിക്കുന്നു. തന്റെ മുന്തിരിത്തോട്ടത്തിലേക്ക്/ദൈവരാജ്യത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു. അവിടെ ആരെന്നില്ല, എപ്പോഴെന്നില്ല ദൈവഹിതത്തിന് ദൈവസ്വരം കേട്ട് തന്നെത്തന്നെ സമർപ്പിച്ച് ജീവിച്ചാൽ മതി. അർഹമായ പ്രതിഫലം അവിടന്നു നല്കും... ഉറപ്പാണ്. കർത്താവിൽ ശരണപ്പെടുന്നവനെ അവിടുന്ന് ഉപേക്ഷിക്കുകയില്ല. അവിടുന്ന് നീതിയോടെ പ്രവർത്തിക്കും.

ജോലിക്കാരുടെ മനോഭാവം ഈ ഉപമയിൽ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അതിരാവിലെ വന്നവനും അവസാനം വന്നവനും ഒരുപോലെ തന്നെയാണ് ദൈവതിരുമുമ്പിൽ. കാരണം എല്ലാവരും എല്ലാം ദൈവദാനമായി സ്വീകരിച്ചതാണ്. ഇത് ജീവിതമാണ്; ദൈവത്തിലേക്കുള്ള വിളിയാണ്. എല്ലാവരും ആത്മാർത്ഥതയോടെ ജോലി ചെയ്തുവെന്നതുറപ്പാണ്. ഓരോരുത്തരും താന്താങ്ങൾക്കു ലഭിച്ച സാഹചര്യങ്ങളുടെയും അവസരങ്ങളുടെയും അടിസ്ഥാനത്തിൽ കഠിനമായി

അധ്വാനിക്കണം. അധ്വാനം ദൈവരാജ്യത്തെ പ്രതിയും ദൈവകരുണയിൽ ആശ്രയിച്ചുമാണ്. അവിടെ അസൂയ പാടില്ല. ഓരോരുത്തനു ലഭിച്ചത് അനുഗ്രഹമായി കാണണം. എനിക്കു ദൈവത്തോടാണ് ആത്യന്തികമായി ബന്ധമുള്ളത്. അവിടുന്ന് എന്നോട് നീതിപൂർവകമായാണ് പെരുമാറുന്നത്. മറ്റൊരുവനോട് അവിടന്നു കാരുണ്യം കാണിക്കുമ്പോൾ ഞാൻ അസൂയപ്പെടരുത്. ദൈവം എന്റേതു മാത്രമാണെന്ന് ഞാൻ ചിന്തിക്കരുത്. ദൈവം എല്ലാവരുടേതുമാണ്. അവിടന്നു ഓരോരുത്തർക്കും അവിടുത്തെ ഇഷ്ടമനുസരിച്ച് അർഹമായതു നല്കുന്നു.

ഇവിടെ ചരിത്രപരമായ ഒരു വസ്തുതയുടെ നിഴലാട്ടവും കാണാം. ഇസ്രായേൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ജനമായിരുന്നു. എന്നാൽ അവർ മാത്രമേ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരായി ഉള്ളൂ എന്ന സങ്കുചിത മനഃസ്ഥിതി തെറ്റാണ്. അപ്രകാരം ചിന്തിക്കുന്നതുവഴി ദൈവത്തിന്റെ മനസ്സിനെ അവർ ചോദ്യം ചെയ്യുന്നു. ദൈവത്തെ അവർ സ്വകാര്യസ്വത്താക്കാൻ ശ്രമിക്കുന്നു. പുതിയ നിയമ ചിന്തയനുസരിച്ച് മെസിയ, രക്ഷകനായ യേശു ദൈവത്തിന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തിത്തരുന്നു. അവിടുന്ന് എല്ലാവരുടെയും ദൈവമാണ്. അവിടുന്ന് കാലഭേദങ്ങൾക്കതീതനാണ്. അവിടുത്തെ തീരുമാനങ്ങളുടെ മാനദണ്ഡം ഇരവു പകലുകളല്ല. അവിടുന്ന് വാഗ്ദാനങ്ങളിൽ വിശ്വസ്തനും കാരുണ്യത്തിന്റെ നിറകുടവുമാണ്. അതിനാൽ തന്റെ പക്കലേക്കു വരുന്ന ആരെയും ഉപേക്ഷിക്കുകയില്ല. അവന്റെ പിൻകഥകളെ അവിടുന്നു നോക്കുന്നില്ല. അവൻ തന്നോട് എപ്രകാരം വർത്തിക്കുന്നുവെന്നേ നോക്കുന്നുള്ളൂ. അതിനാൽ ദൈവപദ്ധതികൾക്കു വിധേയമായി ജീവിക്കണം.

– ദൈവകൃപകളോടു നന്ദിയുള്ളവരാവുക; സാഹോദര്യം നശിപ്പിക്കുന്ന ചിന്തകൾ ഒഴിവാക്കുക.

– ഞാൻ എന്തുചെയ്തു എന്നതിലല്ല ദൈവം എപ്രകാരം എന്നെ കാണുന്നു എന്നതാണ് പ്രധാനം.

– ദൈവപദ്ധതികളെ ചോദ്യം ചെയ്യാതെ അതിനു വിധേയരായി ജീവിക്കുക.